മുഖ്യമന്ത്രി (ശ്രീ. ഇ.കെ നായനാർ) : സ്പീക്കർ സർ, തൊടുപുഴയിൽ ഗാന്ധി സ്റ്റഡി സെന്ററിന്റെ ആഭിമുഖ്യത്തിൽ ജനുവരി 3 മുതൽ 8 വരെ കാർഷിക മേള 2000 എന്ന പേരിൽ ഒരു പ്രദർശന മേള നടന്നു. മേളയോടനുബന്ധിച്ച് കലാ-സാംസ്ക്കാരിക-കായിക പരിപാടികൾ നടന്നിരുന്നു. മേളയുടെ സമാപന ദിവസമായിരുന്ന ജനുവരി 8 ന് ഗജഘോഷയാത്ര നടന്നപ്പോൾ 5 കുട്ടിയാനകൾ ഇടഞ്ഞ് ഓടി . ഈ അവസരത്തിൽ ഘോഷയാത്ര കാണാൻ വന്ന ജനക്കൂട്ടം നാലുപാടും ചിതറി ഓടുകയും അതിൽ പരിക്കുപറ്റിയ ജോസ് ആശുപത്രിയിൽ കൊണ്ടുപോകുന്ന വഴിയിൽ മരണപ്പെടുകയും ചെയ്തു. ഇതു സംബന്ധിച്ചു തൊടുപുഴ പോലീസ് സ്റ്റേഷനിൽ ക്രൈം 17/2000 നംപരായി ഒരു കേസ് രജിസ്റ്റർ ചെയ്യുകയും അന്വേഷണ ചുമതല ക്രൈംബ്രാഞ്ചിനു കൈമാറുകയും ചെയ്തിട്ടുണ്ട്. അന്വേഷണം ത്വരിതപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഗജമേളയോടനുബന്ധിച്ചുണ്ടായ ദുരന്ത സംഭവത്തെക്കുറിച്ച് അന്വേഷിക്കാൻ റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ശ്രീ. വി.എസ് സെന്തിൽ ഐ.എ.എസ്സ് നെ സർക്കാർ നിയോഗിച്ചിരുന്നു. അദ്ദേഹത്തിന്റെ റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലിരിക്കുകയാണ്.

(5) അടൂർ താലൂക്കിലെ ഫാക്ടറി കെട്ടിടം പണി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സ്പീക്കർ സർ, അടൂർ താലൂക്കിലെ ഏനാദിമംഗലം പഞ്ചായത്തിൽ മാരൂരിൽ വനിതാ വ്യവസായ സംരഭത്തിനായി വ്യവസായ വകുപ്പ് എസ്.എസ്.ഐ രജിസ്ട്രേഷൻ നൽകിയ സ്ഥലത്ത് ഫാക്ടറി ഉടമകൾ കെട്ടിടം പണിക്കായി 30 സെന്റ് സ്ഥലം മണ്ണിട്ടു നികത്തി. പ്രസ്തുത സ്ഥലത്ത് ഫാക്ടറി പണി ആരംഭിക്കാനുള്ള പ്രാഥമിക നടപടികളും പൂർത്തിയായതാണ്. എന്നാൽ കെ.എസ്.യുവിന്റെ നേതൃത്വത്തിൽ ഏതാനും ആൾക്കാർ ആധുനിക ഉപകരണങ്ങളുമായി അവിടെ എത്തി ഈ ഫാക്ടറിയ്ക്കു വേണ്ടി ഫാക്ടറി സെറ്റിൽ ഇട്ടിരുന്ന മണ്ണ് വാരിക്കൊണ്ടുപോയി. മാത്രവുമല്ല, ജനകീയാസൂത്രണം വഴി പണി നടത്തുന്ന ഒരു കോൺട്രാക്റ്ററുടെ വർക്ക് സെറ്റിൽ ഈ മണ്ണ് കൊണ്ടുപോയി ഇടുകയാണുണ്ടായത്. വനിതാ വ്യവസായ സംരഭത്തിനാവശ്യമായ അനുമതി വ്യവസായ വകുപ്പ് നൽകുകയും അതേ സമയം ഒരു പറ്റം ആളുകൾ വനിതാ വ്യവസായ സംരഭത്തിനെതിരായിട്ടുള്ള പ്രവർത്തനം നടത്തുകയും ചെയ്യുകയാണ്. അധികൃതർ ഇത് തടയുന്നതിനുവേണ്ടി നടപടി എടുക്കാതെ അവർക്ക് മൗനാനുവാദം കൊടുക്കുകയാണ് ചെയ്തത്. കേരളത്തിൽ വ്യാപകമായി വ്യവസായ ആവശ്യത്തിന് ഭൂമി മണ്ണിട്ട് ഉയർത്താറുണ്ട്. അവിടെയെല്ലാം ഫാക്ടറികൾ സ്ഥാപിക്കുന്നതിന് ഗവൺമെന്റ് അനുമതിയും നൽകുന്നുണ്ട്. മാരൂരിലെ ഈ പ്രത്യേക സംഭവത്തിൽ മാത്രം ഇത്രയും ഗുരുതരമായ നിയമ ലംഘനമുണ്ടായിട്ടും ഗവൺമെന്റ് എന്തുകൊണ്ടാണ് നടപടി സ്വീകരിക്കാത്തത്?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, അടൂർ താലൂക്കിൽ ഏനാദിമംഗലം വില്ലേജിൽ ബ്ലോക്ക് 26 ൽ റീ സർവ്വെ 511/1,511/2,511/3,511/4 എന്നീ നബരുകളിൽ ഉൾപ്പെട്ട നെൽക്കൃഷിക്കനുയോജ്യമായ 10 ആർ വിസ്തീർണ്ണമുള്ള നിലം വസ്തു ഉടമ സർക്കാരിന്റെ അനുവാദമില്ലാതെ കെ.എൽ.യു. ഉത്തരവിന് വിരുദ്ധമായി മണ്ണിട്ട് നികത്തി. പ്രസ്തുത നടപടിയ്ക്കെതിരെ അടൂർ ആർ.ടി.ഒ വസ്തുഉടമയ്ക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. അനധികൃതമായി നിലം നികത്തിയതിൽ പ്രതിഷേധിച്ച് സ്ഥലവാസികൾ മണ്ണിട്ടു നികത്തിയ സ്ഥലത്ത് ഏകദേശം മൂന്നു സെന്റു

LIBRARY ARCHIVES Kerala Legislative Assembly

വരുന്ന ഭാഗത്തു നിന്നും മണ്ണെടുത്ത് തൊട്ടടുത്തുള്ള റോഡിന്റെ വശങ്ങളിൽ ഇടുകയുണ്ടായി. ഇതു സംബന്ധിച്ചു അടൂർ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. പ്രസ്തുത നിലം നികത്തി ഇർഫാന ബ്രിക്സ് ഇൻഡസ്ട്രീസ് എന്ന പേരിൽ ഒരു യൂണിറ്റ് സ്ഥാപിക്കാനായിരുന്നു വസ്തു ഉടമ ഉദ്ദേശിച്ചിരുന്നതെന്നാണ് അന്വേഷണത്തിൽ നിന്നും അറിയുന്നത്.

(6) നാട്ടകം പഞ്ചായത്തിൽ മൂലേഴത്തോട്ടിൽ പോള വാരാനിറങ്ങി മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് സാംമ്പത്തിക സഹായം

ശ്രീ. ഉമ്മൻ ചാണ്ടി : സർ, കോട്ടയം ജില്ലയിലെ മൂലേഴത്തോട്ടിൽ പോള വാരാനിറങ്ങിയ തൊഴിലാളികളിൽ രണ്ടുപേർ മരിച്ചു. മുപ്പതോളം പേരെ മെഡിക്കൽ കോളേജിലും ജില്ലാ ആശുപത്രിയിലുമായിട്ട് പ്രവേശിപ്പിക്കുകയും ചെയ്തു. സാധാരണക്കാരായ ഈ തൊഴിലാളികൾക്ക് ചികിൽസയ്ക്കായി വളരെ കൂടുതൽ തുക ചെലവ് വന്നിട്ടുണ്ട്. മരിച്ച രണ്ടുപേരുടെ കുടുംബങ്ങൾക്കും ആശുപത്രിയിലായ എല്ലാവർക്കും അടിയന്തിര സഹായം നല്കണം. മരിച്ചവരുടെ ആശ്രിതർക്ക് ആയിരം രൂപ വീതവും ആശുപത്രിയിൽ കഴിയുന്നവർക്ക് 500 രൂപ വീതവും ആണ് ജില്ലാ കളക്ടർ ധനസഹായം കൊടുത്തത്. ഇവർ വളരെയേറെ ബുദ്ധിമുട്ടിലാണ്. ഗവൺമെന്റിന്റെ ഒരു പരിപാടിയനുസരിച്ച് പോള വാരാൻ തോട്ടിലിറങ്ങിയവരാണവർ. അവർക്ക് കൂടുതൽ സാമ്പത്തിക സഹായം നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, കോട്ടയം ജില്ലയിലെ നാട്ടകം പഞ്ചായത്തിൽ പോള വാരുവാൻ ഇറങ്ങിയവരിൽ അസുഖം ബാധിച്ചവർക്ക് ആവശ്യമായ വൈദ്യശുശ്രൂഷ ഉറപ്പാക്കിയിട്ടുണ്ട്. രോഗം മൂലം മരിച്ചവരുടെ ആശ്രിതർക്ക് 1000 രൂപ വീതവും ആശുപത്രിയിൽ കഴിയുന്നവർക്ക് 500 രൂപ വീതവും അടിയന്തിരസഹായമായി അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ മരിച്ചവരുടെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 30,000 രൂപ വീതം ധനസഹായം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. വിദഗ്ദ്ധ പരിശോധനയിൽ മരണകാരണം എലിപ്പനി എന്ന രോഗമാണെന്ന് സ്ഥിരീകരിച്ചു. രോഗം തടയുന്നതിനുവേണ്ടി ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസ്സുകളും മെഡിക്കൽ ക്യാംപുകളും രോഗാണുബാധ ഉണ്ടാകാൻ സാദ്ധ്യതയുള്ളവർക്ക് രോഗപ്രതിരോധ ചികിത്സയും നൽകി വരുന്നു. കൂടാതെ ശുദ്ധജല വിതരണത്തിനുള്ള ഏർപ്പാടുകളും ചെയ്തിട്ടുണ്ട്. ഈ നടപടികളുടെ ഫലമായി നാട്ടകം പഞ്ചായത്തിൽ ഉണ്ടായ എലിപ്പനി രോഗം ഇപ്പോൾ നിയന്ത്രണ വിധേയമാണ്.

(7) പാലപ്പെട്ടിയിൽ മുസ്ളീം ലീഗു പ്രവർത്തകനായ അബ്ദുൾ കരീം കൊല്ലപ്പെട്ടത് സംബന്ധിച്ച്

ശ്രീ. കെ.പി.എ. മജീദ് : സർ, പൊന്നാനി നിയോജക മണ്ഡലത്തിലെ പാലപ്പെട്ടിയിൽ ഇന്നലെയുണ്ടായ നിർഭാഗ്യകരവും മൃഗീയവുമായ ഒരു കൊലപാതകത്തെക്കുറിച്ചാണ് മുഖ്യമന്ത്രിയുടെയും സഭയുടെയും ശ്രദ്ധയിൽ കൊണ്ടുവരുന്നത്. മുസ്ളീം ലീഗ് പ്രവർത്തകനായ അബ്ദുൾ കരീം ഒരു

LIBRARY ARCHIVES Kerala Legislative Assembly